## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.257 | 19.06.2018-ൽ മറുപടിയ്ക്ക് |
|---|---|

### തെരുവോരക്കച്ചവടക്കാരെ പുനരധിവസിപ്പിക്കാൻ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ. ശശി<br>,, ജോൺ ഫെർണാണ്ടസ്<br>,, സി.കൃഷ്ണൻ<br>,, കെ. ദാസൻ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | കേന്ദ്ര സർക്കാരിന്റെ വഴിയോര കച്ചവട (ഉപജീവന) സംരക്ഷണ നിയന്ത്രണ നിയമം സംസ്ഥാനത്ത് തെരുവോരക്കച്ചവടത്തിൽ ഏർപ്പെട്ടിരിക്കുന്ന കാൽ ലക്ഷത്തോളം ആളുകളുടെ ഉപജീവനോപാധിക്ക് ഭീഷണിയാകാനിടയുണ്ടെന്ന ആശങ്ക ദൂരീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ചട്ടം തയ്യാറായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ദേശീയ തെരുവ് കച്ചവട നിയമം - 2014 (തെരുവ് കച്ചവട സംരംക്ഷണവും, നിയന്ത്രണവും) നടപ്പിലാക്കുന്നതു വഴി നിലവിൽ കച്ചവടത്തിൽ ഏർപ്പെട്ടിരിക്കുന്ന യഥാർത്ഥ തെരുവ് കച്ചവടക്കാരുടെ ജീവനോപാധിയ്ക്ക് ഭീഷണിയുണ്ടാകുന്നില്ല. സംസ്ഥാനത്തെ നഗരസഭകൾ സർവ്വേ നടത്തി കണ്ടെത്തിയിരിക്കുന്ന 22280 തെരുവ് കച്ചവടക്കാരിൽ അർഹരായ 10123 പേർക്ക് തിരിച്ചറിയൽ കാർഡ് നൽകിക്കഴിഞ്ഞു. ദേശീയ തെരുവ് കച്ചവട നിയമത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിലേയ്ക്കായി തെരുവ് കച്ചവടക്കാർക്കായി ബോധവല്ക്കരണ ക്ലാസുകൾ സംഘടിപ്പിച്ച് വരുന്നു. അസംഘടിത തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്ന തെരുവോര കച്ചവടക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ തെരുവോര കച്ചവടക്കാരുടെ പുനരധിവാസം സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച നിയമത്തിന് അനുസൃതമായി 12/03/2018 തീയതിയിലെ ഉത്തരവ് നമ്പർ (പി) 15/2018/തസ്വഭവ പ്രകാരം The Kerala Street Vendors (Protection of Livelihood & Regulation of Street Vending) Rules, 2018 എന്ന പേരിൽ സംസ്ഥാനതല ചട്ടം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കച്ചവടക്കാരെ പുനരധിവസിപ്പിക്കാനും പുനർവിന്യസിപ്പിക്കാനും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | തെരുവോരകച്ചവടക്കാരെ പുനരധിവാസിപ്പിക്കാനും പുനർ വിന്യസിപ്പിക്കാനുമായി അതാത് നഗരസഭകളാണ് പദ്ധതി തയ്യാറാക്കേണ്ടത്. നിലവിൽ കാസർഗോഡ്, കോഴിക്കോട് എന്നീ നഗരസഭകൾ ടി ആവശ്യത്തിലേയ്ക്ക് നഗര തെരുവ് കച്ചവട വികസന പദ്ധതി നിർദ്ദേശം തയ്യാറാക്കിയിട്ടുണ്ട് |
| (സി) | തെരുവോരകച്ചവടക്കാർക്ക് നൈപുണ്യ വികസനത്തിനും ബ്രാൻഡിംഗിനും കുടുംബശ്രീ വഴി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | (സി) | തെരുവോര കച്ചവടക്കാർക്കാവശ്യമായ നൈപുണ്യ വികസനത്തിനുള്ള ആർ.പി.എൽ.(Recognition & Prior Learning) പരിശീലനം (മുൻ പരിചയം സാക്ഷ്യപ്പെടുത്തൽ) ബന്ധപ്പെട്ട നഗരസഭകളിൽത്തന്നെ സംഘടിപ്പിക്കുന്നതിന് ഈ മേഖലയിൽ പ്രാവീണ്യം നേടിയിട്ടുള്ള കേരള ഗവൺമെന്റ് സ്ഥാപനമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (KITTS) മായി കുടുംബശ്രീ കരാറിലേർപ്പെട്ടിട്ടുണ്ട്. ടി കരാർ പ്രകാരം നാല് ദിവസം നീണ്ടു നിൽക്കുന്ന നൈപുണ്യ വികസന പരിശീലനം ടി സ്ഥാപനം തെരുവോര കച്ചവടക്കാർക്ക് നൽകുന്നതാണ്. തെരുവോര കച്ചവടം ചെയ്യുന്നവരിൽ ആഹാര സാധനങ്ങൾ വിൽക്കുന്നവരെ (തട്ട് കട) ബ്രാന്റ് ചെയ്യുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ